ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 12.07.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. റോസ്ഗർ മേളയുടെ ഭാഗമായി 51,000 ത്തിലധികം യുവജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് നിയമന ഉത്തരവ് കൈമാറും; പാലക്കാട്ടെ പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പങ്കെടുക്കും.

   **Prime Minister Narendra Modi will distribute more than 51 thousand appointment letters to newly recruited youth in various Government departments and organisations through video conferencing today ; Union Minister of State Suresh Gopi will attend the event in Palakkad.**

2. കേരളത്തിലെ ബി.ജെ.പി സംസ്ഥാന കമ്മിറ്റി ഓഫീസ് കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത്ഷാ ഇന്ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.

   **Union Home Minister and senior BJP leader Amit Shah will inaugurate the Kerala BJP state committee office in Thiruvananthapuram today.**

3. അഹമ്മദാബാദ് വിമാന ദുരന്തത്തിന് കാരണം, എൻജിനുകളുടെ ഇന്ധന നിയന്ത്രണ സംവിധാനം തകരാറിൽ ആയതുകൊണ്ടാണെന്ന് എയർക്രാഫ്റ്റ് ആക്സിഡന്റ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോയുടെ റിപ്പോർട്ട്.

   **The Aircraft Accident Investigation Bureau (AAIB) released preliminary report of the investigation into the fatal Air India plane crash; malfunction in fuel control system of the engines, resulting in devastating air tragedy.**

4. പന്ത്രണ്ട് കോട്ടകളുടെ ശൃംഖലയായ 'മറാത്ത സൈനിക ഭൂപ്രദേശങ്ങൾ' യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടംപിടിച്ചു.

**'The Maratha Military Landscapes of India', a network of twelve forts, has been included in the UNESCO World Heritage List.**

5. ഇന്ത്യ, ഇംഗ്ലണ്ട് മൂന്നാം ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന്, ഇന്ത്യ ഒന്നാം ഇന്നിംഗ്സ് ബാറ്റിങ് പുനരാരംഭിക്കും.

**In Cricket, India will resume their first innings at the overnight score of 145 for 3 against hosts England on Day 3 of the third Test of the Anderson-Tendulkar Trophy at Lord's in London today.**

6. സംസ്ഥാനത്ത് ഇന്നും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത; എറണാകുളം മുതൽ കാസർഗോഡ് വരെ 9 ജില്ലകളിൽ മഞ്ഞ ജാഗ്രത.

**Isolated heavy rains are likely in the Kerala today; Yellow alert in 9 districts from Ernakulam to Kasaragod.**

**************************************************

## ROZGAR MELA

റോസ്ഗർ മേളയുടെ ഭാഗമായി വിവിധ സർക്കാർ വകുപ്പുകളിലായി പുതുതായി നിയമിതരായ 51,000 ത്തിലധികം യുവജനങ്ങൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ നിയമന ഉത്തരവ് വിതരണം ചെയ്യും. നിയമിതരായവരെ അദ്ദേഹം അഭിസംബോധന ചെയ്യും. രാജ്യത്തുടനീളം 47 സ്ഥലങ്ങളിലാണ് പതിനാറാമത് തൊഴിൽ മേള നടക്കുന്നത്. കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിലും വകുപ്പുകളിലുമാണ് നിയമനങ്ങൾ നടക്കുക.

**************************************************

## PALAKKAD – ROZGAR MELA

റോസ്ഗർ മേളയുടെ ഭാഗമായി ഇന്ന് രാവിലെ പാലക്കാട് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പങ്കെടുക്കും. വിവിധ മന്ത്രാലയങ്ങളിലേക്ക് പുതുതായി നിയമിതരായവർക്ക് അദ്ദേഹം നിയമന കത്തുകൾ കൈമാറും.

****************************************************************

## AMIT SHAH (INTRO)

ബി.ജെ.പി സംസ്ഥാന കമ്മിറ്റി ഓഫീസിന്റെ ഉദ്ഘാടനം കേന്ദ്ര ആഭ്യന്തരമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ അമിത്ഷാ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. തദ്ദേശ തെരഞ്ഞെടുപ്പിനുള്ള ഒരുക്കം പ്രഖ്യാപിച്ച് ബിജെപിയുടെ വാർഡ് തല നേതൃസംഗമം പുത്തരിക്കണ്ടം മൈതാനത്ത് അദ്ദേഹം ഉദ്ഘാടനം ചെയ്യും.

**വിശദാംശങ്ങളിലേക്ക്................**

**(വോയിസ്)**

## AMIT SHAH (VOICE)

ഇന്നലെ രാത്രി തിരുവനന്തപുരത്ത് എത്തിയ കേന്ദ്രമന്ത്രി അമിത്ഷായെ ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖറിന്റെ നേതൃത്വത്തിൽ നേതാക്കളും പ്രവർത്തകരും ചേർന്ന് സ്വീകരിച്ചു. ഇന്ന് രാവിലെ 11 നാണ് ഓഫീസ് ഉദ്ഘാടനം. ഓഫീസ് മന്ദിരത്തിൽ പതാക ഉയർത്തുന്ന അമിത്ഷാ വളപ്പിൽ ചെമ്പകത്തൈ നടും. ഓഫീസിന്റെ നടുത്തളത്തിൽ സ്ഥാപിച്ച മുൻ സംസ്ഥാന അധ്യക്ഷൻ കെ.ജി.മാരാരുടെ വെങ്കല പ്രതിമ അദ്ദേഹം അനാവരണം ചെയ്യും. തുടർന്ന് 11.30 ന് പുത്തരിക്കണ്ടം മൈതാനിയിൽ

നടക്കുന്ന വാർഡുതല നേതൃസംഗമം ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ ജില്ലകളിലെ 5,000 വാർഡ് സമിതികളിലെ 25,000 പേരാണ് നേതൃസംഗമത്തിനെത്തുന്നത്. മറ്റു 10 ജില്ലകളിലെ അഞ്ചംഗ വാർഡ് സമിതി അംഗങ്ങളും പഞ്ചായത്ത് മുതൽ ജില്ലാതലം വരെയുള്ള നേതാക്കളും വെർച്വലായി പങ്കെടുക്കും. ഒന്നര ലക്ഷത്തോളം പേർ വെർച്വലായി സമ്മേളനത്തിന്റെ ഭാഗമാകുമെന്ന് നേതൃത്വം അറിയിച്ചു.

ഉച്ചയ്ക്കുശേഷം കണ്ണൂരിലേക്ക് തിരിക്കുന്ന കേന്ദ്രമന്ത്രി തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ ദർശനം നടത്തിയശേഷം ഡൽഹിയിലേക്ക് മടങ്ങും

ന്യൂസ് ഡെസ്ക് ആകാശവാണി.......

*****************************************************

## YAMUNA REJUVENATION

യമുന പുനരുജ്ജീവനത്തെക്കുറിച്ചുള്ള ഉന്നതതല അവലോകന യോഗത്തിൽ ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്നലെ ന്യൂഡൽഹിയിൽ അധ്യക്ഷത വഹിച്ചു. ഡൽഹി മലിനീകരണ നിയന്ത്രണ സമിതി കാര്യക്ഷമമായി പ്രവർത്തിക്കണമെന്ന് അദ്ദേഹം നിർദേശിച്ചു. യമുനയിലെ മലിനജല സംസ്കരണ പ്ലാന്റിന്റെ ശേഷി വർധിപ്പിക്കാനും നിർദേശിച്ചു.

*****************************************************

## AIR INDIA CRASH-PRELIMINARY REPORT (INTRO)

അഹമ്മദാബാദ് വിമാന അപകടത്തിൻറെ പ്രാഥമിക അന്വേഷണ റിപ്പോർട്ട് എയർക്രാഫ്റ്റ് ആക്സിഡൻറ് ഇൻവെസ്റ്റിഗേഷൻ ബ്യൂറോ പുറത്തുവിട്ടു. കഴിഞ്ഞ മാസം 12 ന് 260 പേരുടെ ജീവനെടുത്ത അപകടത്തിൻറെ 15 പേജുള്ള റിപ്പോർട്ടാണ് പുറത്ത് വിട്ടത്.

വിശദാംശങ്ങളിലേക്ക്....

(ഹോൾഡ്- വോയ്സ്.......)

## AIR INDIA CRASH-PRELIMINARY REPORT (VOICE)

വിമാന അപകടത്തിലക്ക് നയിച്ച സംഭവങ്ങൾ, എൻജിൻ തകരാറുകൾ എന്നിവയുടെ വിശദാംശങ്ങളാണ് റിപ്പോർട്ട് പരിശോധിച്ചത്. വിമാനം പറന്നുയർന്ന ഉടൻ വിമാനത്തിലേക്കുള്ള എൻജിനികളുടെ സ്വിച്ചുകൾ ഓഫായതായും ഇതാണ് അപകടത്തിലേക്ക് നയിച്ചതെന്ന് റിപ്പോർട്ടിൽ പറയുന്നു. എന്തിനാണ് ഇന്ധന സ്വിച്ച് ഓഫ് ചെയ്തതെന്ന് ഒരു പൈലറ്റ് ചോദിക്കുന്നതും താൻ ഒന്നും ചെയ്തിട്ടില്ലെന്ന് മറ്റൊരു പൈലറ്റ് മറുപടി പറയുന്നതായും കോക്പിറ്റ് വോയിസ് റെക്കോർഡർ പരിശോധനയിൽ വ്യക്തമാകുന്നതായി അന്വേഷണ റിപ്പോർട്ടിൽ പറയുന്നു. പിന്നീട് സ്വിച്ച് ഓൺ ചെയ്തെങ്കിലും എൻജിൻ നിയന്ത്രിക്കാനായില്ല. ടേക്കോഫിനും പൊട്ടിത്തെറിക്കും ഇടയിൽ 30 സെക്കൻറ് മാത്രമാണ് ഉണ്ടായിരുന്നത്. ഇരു പൈലറ്റുമാർക്കും മതിയായ വിശ്രമസമയം ലഭിച്ചിരുന്നു. വിമാനത്തിൽ നിറച്ച ഇന്ധനത്തിൻറെ സാമ്പിൾ പരിശോധിച്ചതായും പ്രശ്നങ്ങൾ ഒന്നും കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നും കൂടുതൽ വിവരങ്ങൾ പരിശോധിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു. 242 യാത്രക്കാരുമായി പോയ എയർ ഇന്ത്യ ബോയിങ് വിമാനത്തിലെ ഒരു യാത്രക്കാരനൊഴികെ മറ്റെല്ലാവർക്കും ജീവൻ നഷ്ടമായി. പ്രദേശവാസികളായ മറ്റ് 19 പേർക്കും ജീവൻ നഷ്ടമായി.. ന്യൂസ് ഡെസ്ക് ആകാശവാണി...

*********************************************************

## EC-BIHAR

ബിഹാറിലെ വോട്ടർപട്ടിക പരിഷ്കരണത്തിൻറെ ഭാഗമായുള്ള പ്രത്യേക പുനഃപരിശോധനയുടെ 74 ശതമാനം പൂർത്തിയായതായി തിരഞ്ഞെടുപ്പ് കമ്മിഷൻ. 7.90 കോടി വോട്ടർമാരുടെ

അപേക്ഷയാണ് കഴിഞ്ഞ 17 ദിവസത്തിൽ പരിശോധിച്ചതെന്ന് കമ്മിഷൻ വ്യക്തമാക്കി. ഈ മാസം 25 വരെ അപേക്ഷ സമർപ്പിക്കാമെന്നും കമ്മിഷൻ അറിയിച്ചു.

**********************************************

## INDIA-UNESCO World Heritage

ഇന്ത്യയുടെ സാംസ്കാരിക പൈതൃകത്തിന് ആഗോളതലത്തിൽ മറ്റൊരു അംഗീകാരം. 'മറാത്ത സൈനിക ഭൂപ്രദേശങ്ങൾ' യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഇടംപിടിച്ചു. 17-ാം നൂറ്റാണ്ട് മുതൽ 19-ാം നൂറ്റാണ്ട് വരെയുള്ള മറാത്ത സാമ്രാജ്യത്തിന്റെ സൈനിക തന്ത്രങ്ങളുടെയും വാസ്തുവിദ്യാ വൈഭവത്തിന്റെയും പ്രതീകമായ പന്ത്രണ്ട് കോട്ടകളുടെ ശൃംഖലയ്ക്കാണ് അംഗീകാരം. മഹാരാഷ്ട്രയിലെ 11 കോട്ടകളും തമിഴ്നാട്ടിലെ ഒരു കോട്ടയും ഇതിൽ ഉൾപ്പെടുന്നു. പാരീസിൽ ചേർന്ന ലോക പൈതൃക കമ്മിറ്റി യോഗമാണ് സുപ്രധാന തീരുമാനം കൈക്കൊണ്ടത്. പ്രധാനമന്ത്രി നരേന്ദ്ര മോദി, സാംസ്കാരിക വകുപ്പ് മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത്, മഹാരാഷ്ട്ര മുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസ് എന്നിവർ ഈ ചരിത്ര നേട്ടത്തിൽ രാജ്യത്തെ ജനങ്ങളെ അഭിനന്ദിച്ചു.

**********************************************

## DRDO-ASTRA

ഡിആർഡിഒ യും വ്യോമസേനയും ചേർന്ന് തദ്ദേശീയമായി വികസിപ്പിച്ചെടുത്ത അസ്ത്ര മിസൈലിന്റെ പരീക്ഷണ പറക്കൽ വിജയകരമായി നടത്തി. ഇന്നലെ ഒഡീഷയിലെ സുഖോയ്-30 എം.കെ.ഐ പ്ലാറ്റ്ഫോമിൽ നിന്നാണ് മിസൈൽ പരീക്ഷിച്ചത്. ഡിആർഡിഒ യെയും വ്യോമസേനയെയും മിസൈൽ രൂപകൽപ്പനയിൽ

ഏർപ്പെട്ട വ്യവസായ സ്ഥാപനങ്ങളെയും രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് പ്രശംസിച്ചു.

*****************************************************

## RARE EARTH MAGNETS

രാജ്യത്ത് അപൂർവ ധാതുക്കളിൽ നിന്നും കാന്തങ്ങൾ ഉത്പാദിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി ആയിരത്തി 345 കോടി രൂപയുടെ സബ്സിഡി പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര സർക്കാർ പദ്ധതിയിടുന്നു. ഇതുസംബന്ധിച്ച് കൂടിയാലോചന നടന്നുവരികയാണെന്ന് കേന്ദ്രഘന വ്യവസായ മന്ത്രാലയ സെക്രട്ടറി കമ്രാൻ റിസ്വി അറിയിച്ചു. അപൂർവ ധാതുക്കളുടെ ഓക്സൈഡുകളെ കാന്തങ്ങളാക്കി മാറ്റുന്നതിനാണ് സബ്സിഡി.

*****************************************************

## HOME SECRETARY- GOVIND MOHAN

ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹന്റെ സേവന കാലാവധി അടുത്ത വർഷം ഓഗസ്റ്റ് 22 വരെ നീട്ടി കേന്ദ്രസർക്കാർ ഉത്തരവിട്ടു. ഈ വർഷം സെപ്റ്റംബർ 30 ന് അദ്ദേഹം വിരമിക്കേണ്ടതായിരുന്നു. സേവന കാലാവധി നീട്ടുന്നതിന് മന്ത്രിസഭയുടെ നിയമന സമിതി അംഗീകാരം നൽകി.

*****************************************************

## TEST CRICKE-IND vs ENG

ലണ്ടനിലെ ലോർഡ്സിൽ നടക്കുന്ന ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫിയുടെ മൂന്നാം ടെസ്റ്റിന്റെ മൂന്നാം ദിനമായ ഇന്ന്, ഇംഗ്ലണ്ടിനെതിരെ ഇന്ത്യ ഒന്നാം ഇന്നിംഗ്സ് പുനരാരംഭിക്കും.മൂന്ന് വിക്കറ്റിന് 145 റൺസെന്ന നിലയിലാണ് ഇന്ത്യ. ഇന്ത്യൻ സമയം ഉച്ചക്ക് 3 30 നാണ് മത്സരം. ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിങ്സ് സ്കോറിനേക്കാൾ 242 റൺസ് പിന്നിലാണ് ഇന്ത്യ. അർദ്ധ സെഞ്ചുറിയുമായി കെ എൽ രാഹുലും ഋഷഭ്

പന്തുമാണ് ക്രീസിൽ. അഞ്ച് കളിയുള്ള ടെസ്റ്റ് പരമ്പര നിലവിൽ ഇരു ടീമും ഓരോകളിവീതം ജയിച്ചു.

************************************************

## HOCKEY

റാഞ്ചിയിൽ നടക്കുന്ന 15 -മത് ഹോക്കി ഇന്ത്യ സബ് ജൂനിയർ വനിത ദേശീയ ചാമ്പ്യൻഷിപ്പിൽ ഹരിയാന, ഒഡിഷ, മിസോറം ജാർഖണ്ഡ് എന്നീ ടീമുകൾ സെമി ഫൈനലിൽ കടന്നു. ഇന്നാരംഭിക്കുന്ന സെമി മത്സരങ്ങളിൽ ഹരിയാന ഒഡീഷയെയും

മിസോറം ജാർഖണ്ഡിനെയും നേരിടും.

************************************************

## WIMBELDON

വിംബിൾഡൻ സിംഗിൾസ് വനിതാ കിരീട പോരാട്ടത്തിൽ അഞ്ച് തവണ ഗ്രാൻറ് സ്ലാം കിരീടം സ്വന്തമാക്കിയ ഇഗാ സ്വിയടെക് ഇന്ന് 13-ാം സീഡ് അമാൻഡ അനിസിമോവയും ആയി ഏറ്റുമുട്ടും. ഇന്ത്യൻ സമയം 8.30 നാണ് മത്സരം.

പുരുഷ സിംഗിൾസ് സെമി ഫൈനലിൽ ലോക ഒന്നാം നമ്പർ താരം യാനിക് സിന്നർ ഏഴ് തവണ കിരീടം നേടിയ നൊവാക് ജ്യോകോവിച്ചിനെ പരാജയപ്പെടുത്തി. നാളെ സ്പെയിനിൻറെ കാർലോസ് അൽകാരസുമായാണ് സിന്നറിൻറെ ഫൈനൽ മത്സരം.

************************************************

## US NATO UKRAINE

യുക്രൈനിലേക്ക് ആയുധങ്ങൾ അയക്കാൻ നാറ്റോയുമായി ധാരണയിലായതായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. റഷ്യയുടെ ഡ്രോൺ ആക്രമണങ്ങൾ പ്രതിരോധിക്കാനായി വ്യോമ

പ്രതിരോധ സംവിധാനങ്ങൾ ഉൾപ്പടെയുള്ള ആയുധങ്ങൾ നാറ്റോയുമായുള്ള ധാരണ പ്രകാരം നൽകുമെന്ന് അദ്ദേഹം അറിയിച്ചു.

*****************************************************

## PAKISTAN FLOOD

പാകിസ്ഥാനിൽ മഴയിലും മിന്നൽ പ്രളയത്തിലും നൂറോളം പേർക്ക് ജീവൻ നഷ്ടമായി. 185 പേർക്ക് പരിക്കേറ്റു. കഴിഞ്ഞ 24 മണിക്കൂറിൽ മഴ മൂലം ഉണ്ടായ അപകടങ്ങളിൽ എട്ട് പേർ മരിച്ചതായും 27 പേർക്ക് പരിക്കേറ്റതായും പാകിസ്ഥാൻ ദേശീയ ദുരന്ത നിവാരണ അതോറിട്ടി അറിയിച്ചു.

*****************************************************

## RAIN KERALA

സംസ്ഥാനത്ത് ഇന്നും ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയുള്ള 9 ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. എറണാകുളം, ഇടുക്കി, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിലാണ് മുന്നറിയിപ്പ്.

*****************************************************

## NIPAH PALAKKAD

നിപ പ്രതിരോധ പ്രവർത്തങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലയിൽ എത്തിയ കേന്ദ്ര സംഘം സന്ദർശനം പൂർത്തിയാക്കിയ ശേഷം അവലോകന യോഗം ചേർന്നു.

*****************************************************

## DELIMITATION REPORT

സംസ്ഥാനത്തെ ജില്ലാപഞ്ചായത്ത് വാർഡ് വിഭജനത്തിന്റെ കരട് റിപ്പോർട്ട് ഈ മാസം 21 ന് പ്രസിദ്ധീകരിക്കുമെന്ന് ഡീലിമിറ്റേഷൻ കമ്മീഷൻ ചെയർമാൻ എ.ഷാജഹാൻ അറിയിച്ചു. 14 ജില്ലാപഞ്ചായത്തുകളിൽ നിലവിലുള്ള 331 വാർഡുകൾ 346 ആയി വർദ്ധിക്കും. കരട് റിപ്പോർട്ട് സംബന്ധിച്ച് പരാതികളും ആക്ഷേപങ്ങളും 25 വരെ സമർപ്പിക്കാം.